പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1277 06/02/2020 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പല അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നതെന്നും അവർക്ക് ജോലി സ്ഥിരത ഇല്ലെന്നതും വസ്തുതയല്ലേ; | (എ) അതെ |
| (ബി) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും നേരെ നടക്കുന്ന ചൂഷണത്തിനെതിരെ നിയമനിർമ്മാണം കൊണ്ടു വരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കാമോ; | (ബി) & (സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) അടിയന്തരമായി പ്രസ്തുത നിയമനിർമ്മാണം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ